# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *110** — **29.09.2016 ൽ മറുപടിക്ക്**

## റെയിൽവേ ലൈനുകളുടെ മെയിന്റനൻസ്

**ചോദ്യം**

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് :
„ പി. കെ. കുഞ്ഞാലിക്കുട്ടി :
„ എൻ. എ. നെല്ലിക്കുന്ന് :
„ പി. ഉബൈദുള്ള :

(എ) സംസ്ഥാനത്തെ റെയിൽവേ ലൈനുകളുടെ മെയിന്റനൻസിലെ അപാകതകൾ അപകടസാധ്യതയുണ്ടാക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മെയിന്റനൻസിലെ അപാകതകൾ കാരണമുണ്ടായതായി സംശയിക്കപ്പെടുന്ന അപകടങ്ങൾ മൂലം യാത്രക്കാർ നേരിടേണ്ടി വരുന്ന ദുരിതവും കഷ്ടനഷ്ടങ്ങളും ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) കൃത്യമായ മെയിന്റനൻസും സുരക്ഷാ പരിശോധനകളുമുണ്ടെങ്കിൽ ട്രെയിനുകളുടെ വേഗം വർദ്ധിപ്പിക്കാനും യാത്രാസമയം കുറയ്ക്കാനും സാധിക്കും എന്നത് പരിശോധിക്കുവാനും റെയിൽ അധികൃതരുടെ ഭാഗത്തുനിന്നും അനുകൂല തീരുമാനം നേടിയെടുക്കാനും ശ്രമിക്കുമോ?

**മറുപടി**

ശ്രീ. ജി. സുധാകരൻ
(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)

(എ) യും (ബി) യും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി റെയിൽവേ ലൈനുകളുടെ മെയിന്റനൻസ് സംബന്ധിച്ച ജോലികൾക്ക് റെയിൽവേ ഉയർന്ന പരിഗണന നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ന്യായമായ നടപടി ഉണ്ടായിട്ടില്ല എന്ന പരാതി സർക്കാർ റെയിൽവേ അധികാരികളെ പലതവണ അറിയിച്ചിട്ടുണ്ട്.

(സി) ശ്രമിച്ചുവരുന്നു. പാതഇരട്ടിപ്പിക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ചുകൊണ്ടും അറ്റകുറ്റപണികൾ പൂർണ്ണമായി നടത്തിക്കൊണ്ടും പുതിയ ട്രെയിനുകൾ അനുവദിച്ചുകൊണ്ടും മാത്രമേ വേഗം വർദ്ധിപ്പിച്ച് യാത്ര സമയം കുറയ്ക്കാൻ സാധിക്കുകയുള്ളൂ. ഇക്കാര്യങ്ങളിൽ സംസ്ഥാന സർക്കാരിന് പ്രായോഗികമായി ചെയ്യാൻ കഴിയുന്ന കാര്യങ്ങളിൽ നടപടികൾ ത്വരിതഗതിയിൽ എടുത്തു വരുന്നു.

സെക്ഷൻ ഓഫീസർ